വെള്ളിക്കീലിൽ തള്ളിയ മാലിന്യങ്ങൾ തിരിച്ചെടുപ്പിക്കുന്നു.

തളിപ്പറമ്പ് കപ്പാലത്തും ആടിക്കുംപാറയിലും മാലിന്യം തള്ളിയ നിലയിൽ

കോഴി മാലിന്യം തള്ളിയവരെ നാട്ടുകാർ കൈകാര്യം ചെയ്ത് പോലീസിൽ ഏൽപ്പിച്ചു

രാജരാജേശ്വരക്ഷേത്ര വഴികളിൽ മാലിന്യം തള്ളി

തളിപ്പറമ്പ: നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ മാലിന്യം തള്ളുന്നത് പതിവായി. ഇന്നലെ രാജരാജേശ്വര ക്ഷേത്രത്തിലേക്കുള്ള വഴികളിൽ കോഴി മാലിന്യമടക്കം തള്ളി. ആടിക്കുംപാറ കയറ്റത്തിൽ റോഡരികിൽ മുട്ടയുടെ തോടും മറ്റും അടങ്ങിയ മാലിന്യമാണ് തള്ളിയത്. വ്യാപാര ഭവനിന്റെ മുന്നിൽ നിന്നാരംഭിക്കുന്ന രാജരാജേശ്വര ക്ഷേത്ര റോഡിലും ഇന്നലെ രാത്രി മാലിന്യം തള്ളിയിട്ടുണ്ട്. രാത്രികാലങ്ങളിൽ വാഹനങ്ങളിൽ എത്തിയാണ് മാലിന്യം തള്ളുന്നത്. ആടിക്കുംപാറ റോഡിൽ വഴി നടക്കാൻ വയ്യാത്ത വിധമാണ് മാലിന്യം തള്ളിയിരിക്കുന്നത്.

അതിനിടെ ഇന്നലെ പകൽ വെള്ളിക്കീൽ റോഡിൽ കോഴി മാലിന്യം തള്ളിയ രണ്ടംഗ സംഘത്തെ നാട്ടുകാർ പിടികൂടി നല്ലവണ്ണം കൈകാര്യം ചെയ്ത് പോലീസിൽ ഏൽപ്പിച്ചു. പാപ്പിനിശേരിയിലെയും പരിസരത്തെയും കോഴിക്കടകളിലെ മാലിന്യമാണ് പെട്ടി ഓട്ടോയിൽ ഇവിടെ തള്ളിയത്. മാലിന്യത്തിൽ നിന്നും ലഭിച്ച തുണ്ടു കടലാസിൽ കോഴി കടയുടെ പേര് ഉണ്ടായിരുന്നു. ഇതുവഴി നാട്ടുകാർ നടത്തിയ അന്വേഷണത്തിലാണ് യുവാക്കളെ തിരിച്ചറിഞ്ഞത്. വൈകുന്നേരത്തോടെ ഇവരെ കൊണ്ടുതന്നെ റോഡരികിലെ മാലിന്യം കോരിയെടുപ്പിച്ചു. പാപ്പിനിശേരിയിലെ സുരേഷ്, കണ്ണപുരത്തെ റാഷിദ് എന്നിവരെയാണ് നാട്ടുകാർ പോലീസിൽ ഏൽപ്പിച്ചത്. ഏതാനും ദിവസം മുമ്പ് വെള്ളിക്കീൽ റോഡരികിലെ മുഴുവൻ മാലിന്യങ്ങളും ഡി.വൈ.എഫ്.ഐ പ്രവർത്തകർ നീക്കം ചെയ്തിരുന്നു. ഇവിടെ മുന്നറിയിപ്പ് ബോർഡും വെച്ചിരുന്നു. ഇതിനിടയിലാണ് ഇവർ മാലിന്യം തള്ളിയത്.

രജീഷ് വധശ്രമം: അന്വേഷണം തളിപ്പറമ്പിന് പുറത്തേക്ക്

തളിപ്പറമ്പ: ബി.ജെ.പി പ്രവർത്തകൻ പറമ്പത്ത് രജീഷിനെ വധിക്കാൻ ശ്രമിച്ച കേസിന്റെ അന്വേഷണം തളിപ്പറമ്പിന് പുറത്തേക്ക്. രജീഷുമായി ബന്ധപ്പെട്ട 20 ഓളം സംഭവങ്ങളുടെ പശ്ചാത്തലം അന്വേഷണ ഉദ്യോഗസ്ഥനായ തളിപ്പറമ്പ് സി.ഐ കെ.ഇ.പ്രേമചന്ദ്രൻ വിശദമായി പരിശോധിച്ചിരുന്നു. ഇതിൽ നാലോളം സംഭവങ്ങളിൽപെട്ടവർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരാണ്. രണ്ടെണ്ണം ഗൗരവമായ പ്രശ്നമായിരുന്നു. തൃച്ചംബരം ഉത്സവത്തോടനുബന്ധിച്ച് നടന്ന ചില അനിഷ്ടസംഭവങ്ങളും അന്വേഷണ വിധേയമാക്കിയിട്ടുണ്ട്. തളിപ്പറമ്പിൽ നാലിലധികം ക്വട്ടേഷൻ സംഘങ്ങൾ പ്രവർത്തിക്കുന്നതായി അന്വേഷണത്തിനിടയിൽ കണ്ടെത്തിയിട്ടുണ്ട്. ഇവർ തമ്മിലുള്ള കുടിപ്പക രജീഷിന്റെ നേരെ നടന്ന വധശ്രമത്തിന് കാരണമായിട്ടുണ്ടോ എന്ന അന്വേഷണമാണ് മുഖ്യമായും നടക്കുന്നത്. പയ്യന്നൂരിലെ ഒരു സംഘവുമായി രജീഷിന്റെ സംഘം ഉടക്കിയിരുന്നു. ചില ഭീഷണികൾ ഉയർത്തിയാണ് ഇവർ തളിപ്പറമ്പിൽ നിന്ന് പോയിരുന്നത്. ഈ സംഘത്തിന്റെ മൊബൈൽ ഫോണുകളും മറ്റും പോലീസ് പരിശോധിച്ചുവരികയാണ്. രണ്ടാഴ്ച മുമ്പ് തളിപ്പറമ്പ് പോസ്റ്റോഫീസ് റോഡിൽ വച്ചാണ് രജീഷിനെ മാരകമായി വെട്ടിപരിക്കേൽപ്പിച്ചത്. മംഗലാപുരത്ത് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്.

എട്ട് ലിറ്റർ മദ്യവുമായി 2 പേർ അറസ്റ്റിൽ

ആലക്കോട്: അനധികൃതമായി കടത്തുകയായിരുന്ന നാല് ലിറ്റർ വിദേശമദ്യം സഹിതം ചിറ്റാരിക്കൽ അരുമ്പയിലെ കുത്തിയതോട്ടിൽ കെ.എസ്. വാസു (58)വിനെ കൂടപ്രത്ത് വെച്ചും, പെരിങ്ങോം ചീർക്കോട്ടെ കുന്നുപുറത്ത് മാവിലവീട്ടിൽ കെ.എം. രവി (50)യെ പെരിങ്ങാലയിൽ നിന്ന് നാല് ലിറ്റർ മദ്യം സഹിതവും ആലക്കോട് എക്സൈസ് ഇൻസ്പെക്ടർ പി. ശ്രീരാജ്, സിവിൽ ഓഫീസർമാരായ ടി.ആർ. രാജേഷ്, ഉല്ലാസ്ജോസ്, എം. സുരേന്ദ്രൻ എന്നിവർ ചേർന്ന് അറസ്റ്റ് ചെയ്തു.

അണികൾക്ക് ബോംബും ബന്ധുക്കൾക്ക് ജോലിയും നൽകുന്ന പാർട്ടിയല്ല സി.പി.ഐ: സന്തോഷ്കുമാർ

കോൾമൊട്ട: അണികൾക്ക് ബോംബും ബന്ധുക്കൾക്ക് ജോലിയും നൽകുന്ന പാർട്ടിയല്ല സി.പി.ഐയെന്ന് ജില്ലാ സെക്രട്ടറി പി. സന്തോഷ്കുമാർ. കെ.വി. മൂസാൻകുട്ടി സ്മാരക മന്ദിരം അക്രമിച്ചതിൽ പ്രതിഷേധിച്ച് സി.പി.ഐ സംഘടിപ്പിച്ച പ്രതിഷേധയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദേഹം.

ഇരുട്ടിന്റെ മറവിൽ പാർട്ടി ഓഫീസുകൾ തകർക്കാൻ എല്ലാവർക്കും കഴിയും. അത് രാഷ്ട്രീയത്തിന്റെ വഴിയല്ലായെന്ന് സി.പി.ഐ വിശ്വസിക്കുന്നു. ഒരാഫീസിന്റെ രണ്ട് ചില്ല് തകർത്തതുകൊണ്ടു തകർന്നുപോകുന്ന പാർട്ടിയല്ല സി.പി.ഐ. ആന്തൂർ പോലുള്ള പ്രദേശത്ത് സാമൂഹ്യവിരുദ്ധരാണ് അക്രമം നടത്തിയതെന്ന സാമാന്യമായ പ്രസ്താവന നടത്താൻ ഞങ്ങൾ തയ്യാറല്ല. രാഷ്ട്രീയ സാമൂഹ്യ വിരുദ്ധരാണ് ഇതിന് പിറകിൽ. കേരള രാഷ്ട്രീയത്തിൽ ഒരു മന്ത്രിയുടെ രാജിക്ക് വഴിയൊരുക്കാൻ ആധാരമായ കത്ത് അയച്ചത് ഈ പ്രദേശത്ത് നിന്നാണ്. രാഷ്ട്രീയ പ്രബുദ്ധമാണ് ആന്തൂർ. വാർത്തകൾ ചോർത്തുകയും ചോർത്തുന്നതിന് പിറകേ കമ്മീഷനെ വെക്കുകയും ചെയ്യുന്ന പാർട്ടിയല്ല ഞങ്ങളുടേത്. ഞങ്ങളുടെ ഓഫീസിൽ സി.സി.ടി.വി ക്യാമറയോ, ഒളിക്യാമറയോ ഇല്ല. ഓഫീസിൽ ഒളി ക്യാമറ വെക്കേണ്ടുന്ന രാഷ്ട്രീയ ധാർമ്മിക പ്രശ്നമൊന്നും സി.പി.ഐ അഭിമുഖീകരിക്കുന്നില്ല. അതുകൊണ്ട് കുറ്റവാളികൾ ആരാണെന്ന് കണ്ടെത്തി നടപടിയെടുക്കണം. എം.എൽ.എ വന്നു. ഏരിയാ സെക്രട്ടറി പ്രസ്താവനയിറക്കി. പാർട്ടിക്ക് പങ്കില്ലെന്നാണ് പറഞ്ഞത്. എങ്കിൽ നല്ലത്. വളച്ചുകെട്ടി കാര്യങ്ങൾ പറയാൻ ഞങ്ങളില്ല. കേവല പ്രസ്താവന നടത്തി കൈകഴുകേണ്ട കാര്യമല്ലിത്. സി.പി.എം ഏറ്റവും പ്രബലമായ പ്രദേശമാണിത്. അച്ചൻ പത്തായത്തിൽ ഇല്ലെന്ന മട്ടിൽ പ്രസ്താവന നടത്തേണ്ടി വരുന്നുവെങ്കിൽ നല്ലതുപോലെ ആത്മപരിശോധന നടത്തണം. പ്രസ്താവന ആത്മാർത്ഥതയുള്ളതാണെങ്കിൽ അക്രമികൾക്ക് എതിരെ നടപടി വേണം. പാർട്ടിക്കകത്ത് വന്നതുപോലെ പുറത്തുപോകാനുള്ള വാതിലും തുറക്കണം. സന്തോഷ്കുമാർ ആവശ്യപ്പെട്ടു.

വി.വി. കണ്ണൻ അധ്യക്ഷത വഹിച്ചു. സി.പി. ഷൈജൻ, വേലിക്കാത്ത് രാഘവൻ, എ.ആർ.സി നായർ പ്രസംഗിച്ചു. പി. ജയരാമൻ മാസ്റ്റർ സ്വാഗതം പറഞ്ഞു. പ്രകടനത്തിന് പി.വി. ബാബു, എ. ബാലകൃഷ്ണൻ, സി. ലക്ഷ്മണൻ നേതൃത്വം നൽകി.

പറശിനിക്കടവ് കോൾമൊട്ടയിൽ കെ.വി.മൂസാൻകുട്ടി മാസ്റ്റർ സ്മാരകത്തിന് നേരെയുണ്ടായ അക്രമത്തിൽ പ്രതിഷേധിച്ച് സി.പി.ഐ നടത്തിയ പൊതുയോഗം ജില്ലാ സെക്രട്ടറി പി.സന്തോഷ്കുമാർ ഉദ്ഘാടനം ചെയ്യുന്നു.

പരപ്പ കരിങ്കൽ ക്വാറിക്കെതിരെ പരപ്പയിൽ നടന്ന മനുഷ്യച്ചങ്ങല

കണ്ണികളായത് വൻ ജനാവലി

പരപ്പ ക്വാറിക്കെതിരെ പ്രതിരോധ കോട്ട കെട്ടി മനുഷ്യച്ചങ്ങല

ആലക്കോട്: പരപ്പ അളുമ്പുമലയിൽ ജനകീയ പ്രതിഷേധത്തെ തുടർന്ന് അടച്ചു പൂട്ടിയ കരിങ്കൽ ക്വാറി വീണ്ടും തുറന്നു പ്രവർത്തിപ്പിക്കാനുള്ള നീക്കത്തിനെതിരെ ശക്തമായ താക്കീത് നൽകുന്നതായി ക്വാറിക്കെതിരെ സമര രംഗത്തുള്ള നെടുവോട്-പരപ്പ ജനകീയ വികസന സമിതി പരപ്പയിൽ സംഘടിപ്പിച്ച മനുഷ്യച്ചങ്ങല. പരപ്പ മലനിരകളിലെ ജനങ്ങളുടെ സൈ്വര്യ ജീവിതം തകർക്കാൻ ഇനിയൊരു കരിങ്കൽക്വാറി ഇവിടെ അനുവദിക്കില്ലെന്ന പ്രഖ്യാപനവുമായി പരപ്പ-നെടുവോട് പ്രദേശങ്ങളിലെ നൂറുകണക്കിന് കുടുംബങ്ങളിൽ നിന്നായി സ്ത്രീകളും കുട്ടികളും മുൾപ്പെടെ വൻജനാവലിയാണ് ചങ്ങലയിൽ അണിനിരന്നത്. ആലക്കോട് ഉദയഗിരി പഞ്ചായത്തുകളുടെ അതിർത്തിയായ പരപ്പ ടൗണിൽ നിന്ന് ആരംഭിച്ച മനുഷ്യച്ചങ്ങല ഒന്നര കിലോമീറ്ററോളം നീളത്തിൽ നെടുവോട് ടൗണിന് സമീപം വരെ നീണ്ടു നിന്നു. സി.പി.എം ജില്ലാ സെക്രട്ടേറിയറ്റംഗം കെ.എം.ജോസഫ് ആദ്യ കണ്ണിയായും വികസന സമിതി ജോ.കൺവീനർ ജോയി ചാവനാലിൽ അവസാന കണ്ണിയായും ചങ്ങലയിൽ അണി ചേർന്നു. കെ.ടി.ജോസഫ്, സമരസമിതി നേതാക്കളായ മനു മറ്റത്തിൽ, ചിന്നമ്മ ഇടക്കുഞ്ഞിയിൽ, ഡെന്നീസ് മണ്ണൂർ, ജിജി മൂന്നാനപ്പള്ളിൽ നേതൃത്വം നൽകി. ചെയർമാൻ ഒ.കെ.സിറാജുദ്ദീൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തുടർന്ന് നടന്ന പൊതുയോഗം ഒ.കെ.സിറാജുദ്ദീന്റെ അധ്യക്ഷതയിൽ കെ.എം.ജോസഫ് ഉദ്ഘാടനം ചെയ്തു. എം.കരുണാകരൻ, പി.വി.ബാബുരാജ്, പി.എം.മോഹനൻ, ജേക്കബ്ബ് ചൂരനോലി, ഫ്രാൻസിസ് മ്രാലയിൽ പ്രസംഗിച്ചു. സാനി കച്ചിറയിൽ സ്വാഗതം പറഞ്ഞു. ആലക്കോട് സി.ഐ ഇ.പി.സുരേശൻ, എസ്.ഐ ടി.വി.അശോകൻ എന്നിവരുടെ നേതൃത്വത്തിൽ പോലീസും സ്ഥലത്ത് എത്തിയിരുന്നു.

പാപ്പിനിശേരിയിൽ വൻ ആയുധശേഖരം പിടികൂടി

പാപ്പിനിശേരി: ഒളിപ്പിച്ചുവെച്ച വൻ ആയുധ ശേഖരം വളപട്ടണം എസ്.ഐ ശ്രീജിത്ത് കൊടേരിയുടെ നേതൃത്വത്തിൽ പിടികൂടി. കടവത്ത് വയലിന് സമീപത്ത് നിന്നാണ് ഇന്ന് രാവിലെ പത്ത് മണിയോടെ ആയുധ ശേഖരം പിടിച്ചെടുത്തത്. ചാക്കിൽ കെട്ടിയ നിലയിൽ ഒളിപ്പിച്ചുവെച്ച 30 വാളുകളാണ് കണ്ടെടുത്തത്. രഹസ്യ വിവരത്തെ തുടർന്നായിരുന്നു പോലീസ് സ്ഥലത്ത് റെയ്ഡ് നടത്തിയത്. ആയുധ കണ്ടെടുത്ത സാഹചര്യത്തിൽ സമീപത്തെ ഒഴിഞ്ഞ പറമ്പുകളിലും കുറ്റിക്കാടുകളിലും പോലീസ് പരിശോധന തുടരുകയാണ്. ഏതാനും ദിവസം മുമ്പ് കീച്ചേരിയിൽ നിന്നും പോലീസ് വാളുകൾ പിടിച്ചെടുത്തിരുന്നു.

സൈനിക ക്യാമ്പിന് നേരെ ഭീകരാക്രമണം

ഡൽഹി: ജമ്മുകാശ്മീരിലെ അഖ്നൂരിൽ സൈനീക എഞ്ചിനീയറിംഗ് വിഭാഗത്തിന് നേരെയുണ്ടായ ഭീകരാക്രമണത്തിൽ മൂന്നു പേർ കൊല്ലപ്പെട്ടു. റോഡ് നിർമ്മാണ പ്രവൃത്തിയിൽ ഏർപ്പെട്ട മൂന്ന് തൊഴിലാളികളാണ് കൊല്ലപ്പെട്ടത്. ഇന്ന് പുലർച്ചെ 1.15 നായിരുന്നു ആക്രമണം ഉണ്ടായത്.

കള്ളന് നാല് മാസം തടവ്

കണ്ണൂർ: ക്ഷേത്ര ഭണ്ഡാരം കവരാൻ ശ്രമിച്ച കേസിൽ കള്ളന് നാല് മാസം തടവ്. പാപ്പിനിശേരി വെസ്റ്റിലെ നടരാജ് ഹൗസിൽ സുരേഷ് നടരാജി(47) നെയാണ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് (രണ്ട്) ഇ. രഞ്ജിത്ത് ശിക്ഷിച്ചത്. കഴിഞ്ഞ വർഷം ആഗസ്ത് 19നായിരുന്നു കേസിനാസ്പദമായ സംഭവം. വളപട്ടണം മാഞ്ചിയിൽ ക്ഷേത്ര ഭണ്ഡാരത്തിലെ പണം കവരാൻ ശ്രമിക്കുന്നതിനിടയിലാണ് സുരേഷ് പിടിയിലായത്.

"A Complete Diagnostic Centre"
appollo DIAGNOSTICS
അപ്പോളോ ലബോറട്ടറി
സഹകരണ ബാങ്ക് ബിൽഡിംഗ്
സഹകരണ ആശുപത്രിക്ക് സമീപം
മന്ന, തളിപ്പറമ്പ
വിവിധ ഹെൽത്ത് ചെക്കപ്പുകൾ ലഭ്യമാണ്
Pkg II-800 (Blood Test +Urine test)
Pkg III-1000 (Blood Test + Scaning)
Pkg IV-1400 Full Body Checkup
(Blood Test +Urine test + Scaning + ECG)
LAB 5.30 am to 7.30 pm
കാർഡ് പെയ്മെന്റ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്
സ്കാനിംഗിന് ലേഡി ഡോക്ടർ
ശിൽപ്പശ്രീ ജി. MBBS, DMRD
9 മണിമുതൽ 5 മണി വരെ ഉണ്ടായിരിക്കുന്നതാണ്.
Ph: 9495193800
0460 2203883

കടമ്പൂരാന്റെ സംസ്കാരം നാളെ

(ഒന്നാം പേജിൽ നിന്ന്) കണ്ണൂർ കാർഷിക വികസന ബാങ്ക് പ്രസിഡണ്ട്, കെ.ടി.ഡി.സി ഡയരക്ടർ, കടമ്പൂർ സഹകരണ ബാങ്ക് പ്രസിഡണ്ട് എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1996-ൽ തലശേരിയിൽ നിന്നും 2006-ൽ എടക്കാട് നിന്നും നിയമസഭയിലേക്ക് മത്സരിച്ചിരുന്നു. മികച്ച വോളിബോൾ താരം കൂടിയാണ് കടമ്പൂരാൻ. അധ്യാപികയായ പത്മിനി ഭാര്യ. ഏകമകൾ: അനുശ്രീ.

കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ഇന്ന് രാവിലെയായിരുന്നു അന്ത്യം. മൃതദേഹം മാഹി പാലത്ത് വച്ച് ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനിയുടെ നേതൃത്വത്തിൽ ഏറ്റുവാങ്ങി വീട്ടിലെത്തിച്ചു. അവിടെ പൊതുദർശനത്തിന് വച്ച മൃതദേഹം നാളെ രാവിലെ 11 മണിക്ക് വിലാപയാത്രയായി കണ്ണൂരിൽ കൊണ്ടുവരും. 11.30ന് കണ്ണൂർ മഹാത്മാ മന്ദിരത്തിൽ പൊതുദർശനത്തിന് വെക്കും. 12.30ന് പയ്യാമ്പലത്ത് സംസ്കാരം.

കടമ്പൂരാന്റെ നിര്യാണത്തെ തുടർന്ന് ജില്ലയിലെ മൂന്ന് ദിവസത്തെ കോൺഗ്രസിന്റെ പരിപാടികൾ നിർത്തിവച്ചതായി ഡി.സി.സി പ്രസിഡണ്ട് അറിയിച്ചു.

പ്രസംഗവേദികളിൽ കത്തിജ്വലിച്ച നേതാവ്

കണ്ണൂർ: ഒരു കാലത്ത് ജില്ലയിലെ കോൺഗ്രസിന്റെ പ്രസംഗവേദികളിൽ സ്ഥിരം സാന്നിധ്യമായിരുന്നു ഇന്ന് അന്തരിച്ച കെ.സി.കടമ്പൂരാൻ. കോൺഗ്രസുകാർ അക്രമിക്കപ്പെടുന്നതിനെതിരെ നടക്കുന്ന പ്രതിഷേധ യോഗങ്ങളിൽ കടമ്പൂരാൻ തീപ്പൊരി ചിതറിക്കുന്ന പ്രസംഗം നടത്തുമായിരുന്നു. മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന പ്രസംഗമായിരുന്നു കടമ്പൂരാന്റെ മറ്റൊരു പ്രത്യേകത. പട്ടാളത്തിൽ നിന്ന് ലഭിച്ച കരുത്തിന്റെ പിൻബലമുള്ളതിനാൽ എതിരാളികളുടെ ശക്തികേന്ദ്രങ്ങളിൽ പോയി പ്രസംഗിക്കുന്നതിനും കടമ്പൂരാൻ മടികാണിച്ചിരുന്നില്ല. കെ.സുധാകരന്റെ വലംകൈയായി ഒരു കാലത്ത് അദേഹം കണ്ണൂരിൽ നിറഞ്ഞുനിന്നു. എന്നാൽ കെ.കരുണാകരൻ ഡി.ഐ.സി രൂപീകരിച്ചതോടെ അദേഹം കരുണാകരനൊപ്പം നിന്നു. ഇതോടെ കേരളത്തിലെ എല്ലാ ജില്ലകളിലും പ്രസംഗകനായി കടമ്പൂരാൻ ഓടിനടന്നു. പിന്നീട് കോൺഗ്രസിലേക്ക് തന്നെ കടമ്പൂരാൻ തിരിച്ചെത്തുകയായിരുന്നു.

അതിനൂതനമായ പരീക്ഷാപരിശീലനവുമായി
PSC കോച്ചിങ്ങ് തളിപ്പറമ്പിൽ
41 മോഡൽ പരീക്ഷയും PSC ഈവനിംഗ് പരിശീലന ക്ലാസ്സും
(സമയം: 5.30 മുതൽ 7.30 വരെ)
തളിപ്പറമ്പ സീലാന്റ് കോംപ്ലക്സിൽ
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
PACE കരിയർ ഗൈഡൻസ്
8907048653
9400407221

ഗ്യാസ് ചോർന്ന് വീട്ടിൽ വൻ തീപ്പിടിത്തം; ഗൃഹനാഥന് പരിക്ക്

ശ്രീകണ്ഠപുരം: വീട്ടിനകത്ത് ഭക്ഷണം പാകം ചെയ്യാൻ ശ്രമിക്കവെ പാചകവാതക സിലിണ്ടറിലെ ഗ്യാസ് ചോർന്ന് വൻ തീപ്പിടിത്തം. ഗൃഹനാഥന് പരിക്കേറ്റു. സമയോചിതമായ ഇടപെടലിനെ തുടർന്ന് വൻ ദുരന്തം ഒഴിവായി. പയ്യാവൂർ കുന്നത്തൂർ റോഡരികിൽ ചാമക്കാൽ സ്കൂളിന് സമീപത്തുള്ള പുതുക്കളത്തിൽ വിജയ (47)ന്റെ വീട്ടിലാണ് സംഭവം. വിജയന്റെ ഭാര്യ വനജ സിലിണ്ടർ ഓൺ ചെയ്ത് ഭക്ഷണം പാകം ചെയ്യുന്നതിനിടെയാണ് ചോർച്ച ഉണ്ടായത്. സിലിണ്ടറിനും സ്റ്റൗവിനും തീപ്പിടിച്ചു. ഇതോടെ വനജയും മക്കളും നിലവിളിച്ചു. പുറത്തുണ്ടായിരുന്ന വിജയൻ ഓടിയെത്തി സിലിണ്ടറും സ്റ്റൗവും മുറ്റത്തേക്ക് വലിച്ചെറിഞ്ഞു. ഈ സമയത്താണ് വിജയന് പൊള്ളലേറ്റത്. ഓടിയെത്തിയ നാട്ടുകാരും മറ്റും ചേർന്ന് തൊട്ടടുത്ത വീട്ടിലെ മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് തീയണച്ചു. പയ്യാവൂർ പോലീസും തളിപ്പറമ്പിൽ നിന്നുള്ള അഗ്നിശമന സേനയും സ്ഥലത്തെത്തുമ്പോഴേക്കും തീയുടെ കാഠിന്യം കുറഞ്ഞിരുന്നു. തുടർന്ന് സിലിണ്ടർ സമീപത്തെ തോട്ടിൽ തണുക്കാനായി കൊണ്ടുവെക്കുകയായിരുന്നു. കുന്നത്തൂർപ്പാടി തിരുവപ്പന മഹോത്സവം നടക്കുന്നതിനാൽ നിരവധി വാഹനങ്ങളും ആളുകളും വീടിന് മുന്നിലൂടെ പോകുന്നുണ്ടായിരുന്നു. ധൈര്യപൂർവ്വമുള്ള വിജയന്റെ ഇടപെടലാണ് വൻ ദുരന്തം ഒഴിവാക്കിയത്. ഗ്യാസ് വിതരണ കമ്പനി അധികൃതരും വീട്ടിലെത്തി പരിശോധന നടത്തി. ഒരു മണിക്കൂർ നേരം തീ കത്തിയിരുന്നു. വിജയൻ പയ്യാവൂർ ആശുപത്രിയിൽ ചികിത്സ തേടി.

പ്രധാനമന്ത്രി നരേന്ദ്രമോദി സന്ദർശിച്ചത് 44 രാജ്യങ്ങൾ

ഡൽഹി: പ്രധാനമന്ത്രിയായതിന് ശേഷം നരേന്ദ്രമോദി സന്ദർശിച്ചത് 44 രാജ്യങ്ങൾ. 27 തവണയായാണ് അദേഹം വിദേശ സന്ദർശനം നടത്തിയത്. നാല് പ്രാവശ്യം അദേഹം അമേരിക്ക സന്ദർശിച്ചു. 2014 സപ്തംബർ- ഒക്ടോബർ, 2015 സപ്തംബർ, 2016 ഏപ്രിൽ, ജൂൺ എന്നീ മാസങ്ങളിലാണ് മോദി അമേരിക്ക സന്ദർശിച്ചത്. ഭൂട്ടാൻ, നേപ്പാൾ, ഫ്രാൻസ്, ചൈന, റഷ്യ, ജപ്പാൻ, അഫ്ഗാനിസ്ഥാൻ, സിങ്കപ്പൂർ, ഉസ്ബസ്കിസ്ഥാൻ, ഇറാൻ, മൗറീഷ്യസ്, ജർമ്മനി, ശ്രീലങ്ക, കാനഡ, മംഗോളിയ, സൗത്ത് കൊറിയ, കാസക്കിസ്ഥാൻ, കിർഗിസ്ഥാൻ, താജിക്കിസ്ഥാൻ, ബ്രിട്ടൻ, മലേഷ്യ, തുർക്കി, അയർലാൻഡ്, പാക്കിസ്ഥാൻ, ബൽജിയം, സൗദിഅറേബ്യ, ഖത്തർ, സ്വിറ്റ്സർലാൻഡ്, മെക്സിക്കോ, സൗത്ത്ആഫ്രിക്ക, മൊസാമ്പിക്, ടാൻസാനിയ, കെനിയ, വിയറ്റ്നാം, ലാവോസ് തുടങ്ങിയ രാജ്യങ്ങൾ അദേഹം സന്ദർശിച്ചവയിൽ ഉൾപ്പെടും.

ആവശ്യമുണ്ട്
തളിപ്പറമ്പിൽ പ്രവർത്തനമാരംഭിക്കുന്ന മെഡിക്കൽ ഷോപ്പിലേക്ക് സെയിൽസ്മാനെ ആവശ്യമുണ്ട്. മുൻപരിചയമുള്ളവർക്കും തളിപ്പറമ്പ് പരിസരത്തുള്ളവർക്കും മുൻഗണന.
8281818876, 9496280628

തീവണ്ടിയിൽ നിന്ന് വീണ് യുവാവിന് പരിക്ക്

കണ്ണൂർ: തീവണ്ടിയിൽ നിന്ന് വീണ് പരിക്കേറ്റ യുവാവിനെ ജില്ലാശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്ന് രാവിലെയാണ് 32 വയസ് തോന്നിക്കുന്നയാൾ അപകടത്തിൽപ്പെട്ടത്.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന് : 2670
പവന് :21,360
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

തളിപ്പറമ്പിൽ ബുധനാഴ്ച വൈദ്യുതി മുടക്കം

തളിപ്പറമ്പ: മറ്റന്നാൾ രാവിലെ 9.30 മുതൽ വൈകിട്ട് അഞ്ച് വരെ തളിപ്പറമ്പ സെക്ഷൻ പരിധിയിൽ വൈദ്യുതി മുടങ്ങുമെന്ന് അധികൃതർ അറിയിച്ചു.

ചരമം

രാമൻ

തളിപ്പറമ്പ: വടക്കാഞ്ചേരിയിലെ സി.രാമൻ (73) നിര്യതനായി. കരിമ്പം ആർ.എ.ടി.ടി.സി റിട്ട. ജീവനക്കാരൻ, നവോദയ വായനശാല സ്ഥാപക പ്രസിഡണ്ട്, ജോയിന്റ് കൗൺസിൽ താലൂക്ക് പ്രസിഡണ്ട് എന്നീ നിലയിൽ പ്രവർത്തിച്ചു. ഭാര്യ: കെ.പത്മിനി. മക്കൾ: കെ.ഗിരീഷ്, കെ.ശ്രീജ. മരുമക്കൾ: സി.കെ. വിജി (അരിമ്പ്ര), എം.പി.മനോജ് (പടവിൽ). സഹോദരങ്ങൾ: പരേതരായ കൃഷ്ണൻ, കണ്ണൻ, നാരായണൻ, കോരൻ.

സി.എൻ. ഗിരീശൻ

തലശേരി: സി.പി.ഐ തലശേരി മണ്ഡലം കമ്മിറ്റിയംഗവും എൽ.ഐ.സി ഏജന്റ്സ് ഫെഡറേഷൻ കോഴിക്കോട് ഡിവിഷൻ ജനറൽ സെക്രട്ടറിയുമായ കതിരൂർ കാരക്കുന്ന് അനുഗ്രഹയിലെ സി.എൻ. ഗിരീശൻ (55)നിര്യാതനായി. ഭാര്യ: മടപ്പള്ളി അനിത (കോട്ടയം മലബാർ പഞ്ചായത്ത് മുൻ അംഗം). മക്കൾ: ഡോ. ഹൃദ്യ (കൽപ്പറ്റ), ദിൽന, പ്രഫുൽ (ഊരാളുങ്കൽ സൊസൈറ്റി). മരുമക്കൾ: ശരൾ (മുംബൈ), ഷിബേജ് (പൊതുമരാമത്ത് ഓഫീസ്, കോഴിക്കോട്). സഹോദരി: ഗീത. സംസ്കാരം ഇന്ന് രാത്രി എട്ടിന് വീട്ടുവളപ്പിൽ.

പെന്റപ്പൻ

ആലക്കോട്: വെള്ളാട് പാറ്റാക്കളത്തിന് സമീപത്തെ നടുവിലേമുറിയിൽ പെന്റപ്പൻ (54) മംഗലാപുരത്തെ ആശുപത്രിയിൽ നിര്യാതനായി. ഭാര്യ: കരുവഞ്ചാൽ അറുന്നൂറ്റിമംഗലം കുടുംബാംഗം വൽസമ്മ. മക്കൾ: മനു, അനു. മരുമകൻ: ശ്യാംബേബി പുളിക്കൽ (പള്ളിക്കവല). ആദ്യകാല കുടിയേറ്റ കർഷകരായ ജോൺ-ചിറ്റമ്മ ദമ്പതികളുടെ മകനാണ്. സഹോദരങ്ങൾ: ആന്റപ്പൻ, ജോഷി, ജിമ്മി, ജെയ്നമ്മ. സംസ്കാരം പിന്നീട് വെള്ളാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ.

ഭർതൃമതിയെയും മകനെയും കാണാനില്ല

ശ്രീകണ്ഠപുരം: ഭർതൃമതിയെയും 12 വയസുള്ള മകനെയും കാണാതായി. കോട്ടൂർ വാസുപ്പീടികയിലെ തമ്പാന്റെ ഭാര്യ പൂരക്കൊട്ടാരത്തിൽ രമണി (35), മകൻ അനുരാഗ് (12) എന്നിവരെയാണ് കഴിഞ്ഞ ദിവസം മുതൽ കാണാതായത്. ഇവരുടെ കൂടെ ജോലി ചെയ്യുന്ന ഷാജി എന്നയാളെയും കാണാതായിട്ടുണ്ട്. പോലീസ് അന്വേഷണം തുടങ്ങി.

മദ്യഷാപ്പിന് മുന്നിൽ തമ്മിലടിച്ച സംഘത്തെ പിടികൂടി

ആലക്കോട്: മദ്യലഹരിയിൽ തമ്മിലടിച്ച സംഘത്തെ പോലീസ് പിടികൂടി. ഇന്നലെ വൈകുന്നേരം ആലക്കോട് ലിങ്ക് റോഡിലെ വിദേശമദ്യഷോപ്പിന് മുന്നിലാണ് മദ്യപ സംഘങ്ങൾ ചേരിതിരിഞ്ഞ് ഏറ്റുമുട്ടിയത്. സംഭവമറിഞ്ഞ് എസ്.ഐ ടി.വി. അശോകന്റെ നേതൃത്വത്തിലെത്തിയ പോലീസ് സംഘത്തിലെ രണ്ടുപേരെ കസ്റ്റഡിയിലെടുത്തു.

പാൻമസാല; നാലുപേർക്കെതിരേ കേസ്

ശ്രീകണ്ഠപുരം: ടൗണിനടുത്ത് മറുനാടൻ തൊഴിലാളികളുടെ ക്വാർട്ടേഴ്സിൽ ശ്രീകണ്ഠപുരം എക്സൈസ് ഇൻസ്പെക്ടർ സി.സി.ആനന്ദകുമാർ നടത്തിയ റെയ്ഡിൽ 2900 ഗ്രാം പാൻമസാല ഉൽപ്പന്നങ്ങൾ പിടിച്ചെടുത്തു. നാല് മറുനാടൻ തൊഴിലാളികൾക്കെതിരെ കേസെടുത്തു.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 10 Issue No. 75 RNI Reg.No.KER MAL/2007/22043